**File No.DIC/12664/2018-EC1**

**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
(അവതരണം : MURALI.S)

നം. DIC/12664/2018-EC1 തീയതി : 29/06/2020

വിഷയം:- വ്യവസായവകുപ്പ്- ജീവനക്കാര്യം- ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റ് തസ്തികയിലെ 2020 വർഷത്തെ പൊതു സ്ഥലംമാറ്റം - സംബന്ധിച്ച് -

പരാമർശം:- 25.02.2017 -ലെ സ.ഉ.(പി) 3/2017 ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

മേൽ പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്റ്റേഷനിൽ തുടർച്ചയായി മൂന്ന് വർഷക്കാലം പൂർത്തിയായവരെയാണ് പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത്. വ്യവസായ വാണിജ്യ വകുപ്പിലെ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റ് തസ്തികയിലെ 2020 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനായി ഈ വകുപ്പിലെ ജീവനക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ചതിൽ, സൂചനയിലെ പൊതുസ്ഥലംമാറ്റ ഉത്തരവിലെ മാനദണ്ഡപ്രകാരം അർഹതഇല്ലാത്തതിനാലും ,പൊതുസ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ള സ്റ്റേഷനിൽ/ ഓഫീസുകളിൽ ഒഴിവുകൾ ഇല്ലാത്തതിനാലും ,മൂന്ന് വർഷത്തിന് മുകളിൽ ജോലി നോക്കുന്ന ജീവനക്കാർ സ്ഥലംമാറ്റപ്പെടുന്നതിനായി ആവശ്യപ്പെടാത്തതിനാലും മേൽ അപേക്ഷകൾ പരിഗണിച്ചെങ്കിലും അർഹരായവർ ഇല്ല എന്ന് കണ്ടെത്തി ഉത്തരവാകുന്നു .

നിയന്ത്രണാധികാരി ബന്ധപ്പെട്ട ജീവനക്കാരെ മേൽ വിവരം അറിയിക്കേണ്ടതാണ്.

ഒപ്പ്/-
MURALI.S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :-
1. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്,തിരുവനന്തപുരം
2. ഡയറക്ടർ,കൈത്തറി& ടെക്സ്റ്റയിൽസ്,തിരുവനന്തപുരം
3. എല്ലാ ജനറൽ മാനേജർക്കും
4. എല്ലാ പ്രോജക്ട് ഓഫീസർക്കും
5. സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്